2026
AUGUST
10
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## റിക്കാർഡ് നേട്ടവുമായി സിയാൽ

**നെടുമ്പാശേരി:** ലാഭത്തിൽ റിക്കാർഡ് നേട്ടം കൈവരിച്ച് കൊച്ചിൻ അന്താരാഷ്ട്ര എയർപോർട്ട് ലിമിറ്റഡ് . ചരിത്രത്തിലാദ്യമായി സിയാലിൻറെ ലാഭം 500 കോടി കടന്നു. മുഖ്യമന്ത്രി വി.ഡി. സതീശൻ ചെയർമാനായ ആദ്യ ഡയറക്ടർ ബോർഡ് യോഗം സിയാലിന്റെ ഭാവി പദ്ധതികൾക്ക് രൂപം നൽകി. നിക്ഷേപകർക്കു 55 ശതമാനം ലാഭവിഹിതമാണ് ഡയറക്ടർ ബോർഡ് ശിപാർശ ചെയ്തിട്ടുള്ളത്.

2025 26 സാമ്പത്തികവർഷത്തിൽ 1,220 കോടി രൂപയാണ് സിയാൽ മൊത്തവരുമാനം നേടിയത്. മുൻവർഷത്തേക്കാൾ 6.6 ശതമാനമാണു വർധനവ്. അറ്റാദായം 499 കോടി രൂപയിൽ നിന്ന് 502 കോടിയായും ഉയർന്നു.

സെപ്റ്റംബറിൽ നടക്കുന്ന നിക്ഷേപകരുടെ വാർഷിക പൊതുയോഗത്തിന്റെ അംഗീകാരത്തിനു വിധേയമാണിത്. രാജ്യത്തെ വ്യോമയാന രംഗത്ത് അടുത്ത പത്തു വർഷത്തിനുള്ളിൽ 50,000 കോടി രൂപയിലധികം അടിസ്ഥാനസൗകര്യ നിക്ഷേപമാണു പ്രതീക്ഷിക്കപ്പെടുന്നത്. ഈ സാധ്യത മുന്നിൽക്കണ്ടാണ് വിമാനത്താവള കൺസൾട്ടൻസി മേഖലയിലേക്ക് സിയാൽ മുന്നിട്ടിറങ്ങുന്നത്.

വിമാനത്താവളത്തിന്റെ മാസ്റ്റർ പ്ലാൻ, റൺവേ വികസനം, കാർഗോ, ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് സർവീസസ്, ഡ്യൂട്ടി ഫ്രീ, കൊമേഴ്സ്യൽ വികസനം, റിയൽ എസ്റ്റേറ്റ് മാനേജ്മെൻറ് എന്നിവയിൽ മറ്റു വിമാനത്താവളങ്ങൾക്ക് ആവശ്യമായ കൺസൾട്ടൻസി നൽകുകയാണ് ലക്ഷ്യം. ഡയറക്ടർ ബോർഡ് യോഗത്തിൽ ചെയർമാനുപുറമെ ബോർഡ് അംഗങ്ങളായി മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, റോജി എം. ജോൺ എന്നിവരും ചുമതലയേറ്റു.

ഡയറക്ടർമാരായ ബിശ്വനാഥ് സിൻഹ, ചീഫ് സെക്രട്ടറി ഭരത് ഭൂഷൺ, അരുണാ സുന്ദരരാജൻ, എം.എ. യുസഫലി, എൻ.വി. ജോർജ്, വർഗീസ് ജേക്കബ്, മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ആകെ 1,14,42,583 യാത്രക്കാരാണു സിയാൽ വഴി യാത്ര ചെയ്തത്. ഇതേ കാലയളവിൽ 73,134 വിമാനസർവീസുകളും വിമാനത്താവളം കൈകാര്യം ചെയ്തു. തുടർച്ചയായ നാലാം സാമ്പത്തികവർഷവും ഒരു കോടിയിലധികം യാത്രക്കാരെ കൈകാര്യം ചെയ്ത വിമാനത്താവളമെന്ന നേട്ടവും സിയാൽ നിലനിർത്തിയിരുന്നു.

## ആഗോള വിപണികളുമായി മത്സരിക്കാൻ ഇന്ത്യ; ഇറക്കുമതി തീരുവ 10 ശതമാനത്തിൽ താഴെയാക്കും

**ന്യൂദൽഹി:** അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റോടെ ചില ഇനങ്ങളിൽ ഒഴികെ മിക്കവാറും ഉത്പന്നങ്ങളുടെ ഇറക്കുമതി തീരുവ പത്ത് ശതമാനത്തിൽ താഴെയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ആഗോള വിപണികളുമായുള്ള മത്സരക്ഷമത കൂട്ടാൻ തന്ത്രപരമായ നീക്കവുമായി കേന്ദ്ര സർക്കാർ. അതിനായി വരുംവർഷങ്ങളിൽ ഇറക്കുമതി തീരുവ വൻതോതിൽ കുറയ്ക്കുമെന്നാണ് പ്രഖ്യാപനം. ആറ് വർഷത്തിനിടയിൽ ആദായനികുതി, കോർപ്പറേറ്റ് നികുതി, ചരക്ക് സേവന നികുതി എന്നിവയിൽ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ തുടർച്ചയായാണ് ഈ നീക്കമെന്നും ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കി. ഡൽഹിയിൽ നടന്ന എൻ.സി.എ.ഇ.ആർ ഇന്ത്യ പോളിസി ഫോറത്തിൽ സംസാരിക്കവെയാണ് അവർ ഇക്കാര്യം പറഞ്ഞത്.

അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റോടെ ചില ഇനങ്ങളിൽ ഒഴികെ മിക്കവാറും ഉത്പന്നങ്ങളുടെ ഇറക്കുമതി തീരുവ പത്ത് ശതമാനത്തിൽ താഴെയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നികുതി കുറയ്ക്കുന്നതിലൂടെ ഇറക്കുമതി ചെലവ് താഴും. അതുവഴി രാജ്യത്തെ ഉത്പാദന മേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയിൽ ലഭ്യമാകും.

## റിക്കാർഡ് വില്പന കുറിച്ച് പ്രീമിയം സ്മാർട്ട്ഫോണുകൾ

**മുംബൈ:** ആഗോള സ്മാർട്ട്ഫോൺ വിപണി കടുത്ത മന്ദഗതിയിലൂടെ കടന്നുപോകുമ്പോഴും, വിലകൂടിയ പ്രീമിയം സ്മാർട്ട്ഫോണുകൾക്ക് ആവശ്യക്കാർ ഏറുന്നതായി റിപ്പോർട്ട്.

2026ന്റെ ആദ്യ പകുതിയിൽ ആഗോള സ്മാർട്ട്ഫോൺ വില്പനയുടെ 29 ശതമാനവും 50,000 രൂപയ്ക്ക് മുകളിൽ വിലയുള്ള പ്രീമിയം ഫോണുകളാണെന്ന് പ്രമുഖ റിസർച്ച് സ്ഥാപനമായ കൗണ്ടർപോയിൻറ് വ്യക്തമാക്കി. മുൻ വർഷമിത് 25 ശതമാനമായിരുന്നു.




മെമ്മറി ചിപ്പുകളുടെ വില വർധിച്ചതും ഉത്പാദന ചെലവ് ഉയർന്നതും കാരണം വിപണിയിൽ മൊത്തത്തിലുള്ള ഫോൺ വില്പന കുറയുകയും ആളുകൾ പുതിയ ഫോണുകൾ വാങ്ങുന്നത് നീട്ടിവയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പ്രീമിയം വിപണി ഈ മികച്ച വളർച്ച കൈവരിച്ചിരിക്കുന്നത്.

റിപ്പോർട്ട് അനുസരിച്ച്, വിപണിയിലെ ഈ മാറ്റത്തിനു കാരണം ഉപയോക്താക്കളുടെ താത്പര്യം മാത്രമല്ല, സ്മാർട്ട്ഫോൺ വ്യവസായത്തിലെ സാമ്പത്തിക വ്യതിയാനങ്ങൾ കൂടിയാണ്. മുൻ വർഷങ്ങളിൽ ഉപയോക്താക്കൾ സ്വയം ഉയർന്ന ഫോണുകളിലേക്കു മാറിയതാണ് പ്രീമിയം വിപണി വളരാൻ കാരണമായതെങ്കിൽ, ഇത്തവണ മെമ്മറി ചിപ്പുകളുടെ വിലയിലുണ്ടായ വർധനവാണ് പ്രധാന ഘടകമായത്. ഈ വിലക്കയറ്റം കുറഞ്ഞ വിലയിലുള്ള ഫോണുകളെയാണ് കൂടുതൽ ബാധിച്ചത്.

എന്നാൽ ഉയർന്ന ലാഭവിഹിതമുള്ളതിനാൽ പ്രീമിയം ഫോൺ നിർമാതാക്കൾക്ക് ഈ പ്രതിസന്ധിയെ എളുപ്പത്തിൽ മറികടക്കാൻ സാധിച്ചു. കൂടാതെ, സാധാരണ ആൻഡ്രോയിഡ് ഫോണുകളുടെ വില ഉയർന്നതോടെ, കുറച്ചുകൂടി തുക നൽകിയാൽ പ്രീമിയം ഫോണുകളോ പഴയ ഫ്ലാഗ്ഷിപ്പ് മോഡലുകളോ ലഭിക്കുമെന്ന സാഹചര്യം വന്നതും ഉപഭോക്താക്കളെ പ്രീമിയം വിഭാഗത്തിലേക്ക് ആകർഷിച്ചു.

പ്രീമിയം വിപണിയുടെ 84 ശതമാനവും ആപ്പിളും സാംസംഗും ചേർന്നാണ് കൈയാളുന്നത്. ഈ വിഭാഗത്തിൽ ആപ്പിൾ ഒന്നാം സ്ഥാനം നിലനിർത്തിയപ്പോൾ, ഗാലക്സി S26 സീരീസ് വൈകി പുറത്തിറക്കിയിട്ടും സാംസങ് തങ്ങളുടെ സ്ഥാനം ശക്തമാക്കി.

ഫൈൻഡ് ത9 സീരീസിലൂടെ ഓപ്പോ 69 ശതമാനം വാർഷിക വളർച്ച നേടി പ്രീമിയം വിഭാഗത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന ബ്രാൻഡായപ്പോൾ വിവോ 20 ശതമാനം വളർച്ച രേഖപ്പെടുത്തി.ഉയർന്ന വിലയുള്ള ഫോണുകൾ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കാൻ കമ്പനികൾ അവതരിപ്പിച്ച 30 മാസത്തെ പലിശരഹിത ഇഎംഐ, ട്രേഡ്ഇൻ ഓഫറുകൾ, ഗാലക്സി ഫോറെവർ പോലെയുള്ള അപ്ഗ്രേഡ് പദ്ധതികൾ എന്നിവയും ഈ വളർച്ചയ്ക്കു വലിയ പിന്തുണ നൽകി.

## ആയുധ ഉൽപാദനം ഉടനടി വർധിപ്പിക്കാൻ യുഎസ്

**വാഷിങ്ടൻ:** ഇറാനുമായുള്ള യുദ്ധത്തെത്തുടർന്ന് യുഎസ് സൈന്യത്തിന്റെ ആയുധ ശേഖരത്തിൽ ഉണ്ടായ വൻ കുറവ് പരിഹരിക്കാൻ ലക്ഷ്യമിട്ട്, ആയുധ ഉൽപാദനം അടിയന്തരമായി വർധിപ്പിക്കാൻ പ്രതിരോധ കമ്പനികൾക്ക് പെന്റഗണിന്റെ കർശന നിർദേശം. വാഷിങ്ടൻ പോസ്റ്റ് പുറത്തുവിട്ട വിവരങ്ങൾ പ്രകാരം, ഡപ്യൂട്ടി ഡിഫൻസ് സെക്രട്ടറി സ്റ്റീവ് ഫെയിൻബെർഗ് പ്രതിരോധ മേഖലയിലെ പ്രമുഖ കമ്പനികൾക്ക് കത്തയച്ചു. ആയുധ വിതരണവും ഉൽപാദനവും ഗണ്യമായി വർധിപ്പിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ 21 ദിവസത്തിനകം സമർപ്പിക്കാനാണ് നിർദേശം.

വർഷങ്ങൾ നീളുന്ന വികസന പ്രക്രിയകൾ ഇനി അനുവദിക്കാനാകില്ലെന്നും നമ്മൾ ആയുധ ഉൽപാദന ശേഷി ഉടനടി വിപുലീകരിക്കണമെന്നുമാണ് കത്തിൽ പറയുന്നത്.

*This is an advertisement for information purpose and is not a prospectus announcement.*

ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING CRISIL BBB-/ STABLE

ICL Join ICL, Grow with us
ICL Fincorp

UP TO DOUBLE RETURNS IN 72 MONTHS*

*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.

ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.*

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE

PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50*% PER ANNUM 60 MONTHS | 11.00*% PER ANNUM 36 MONTHS | 10.50*% PER ANNUM 24 MONTHS | 10.00*% PER ANNUM 13 MONTHS |

*Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.*

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 ("**Prospectus**").
**DISCLAIMER OF THE ISSUER:** ICL Fincorp Limited **("Company")**, subject to market conditions, and other considerations, is proposing a public issue of secured redeemable non-convertible debentures **("NCDs")** and has filed a prospectus dated July 28, 2026 **("Prospectus")** with the Registrar of Companies, Tamil Nadu at Chennai **("RoC")**, BSE Limited **("BSE")** and Securities and Exchange Board of India **("SEBI")**. The Prospectus is available on the website of the Company at www.iclfincorp.com, on the website of BSE at www.bseindia.com, on the website of the lead manager at www.vivro.net and on the website of SEBI at www.sebi.gov.in. Investors proposing to participate in the Issue should invest only on the basis of the information contained in the Prospectus. Investors should note that investment in the NCDs involves a high degree of risk and for details in relation to the same, refer to the Prospectus, including the section titled *"Risk Factors"* and *"Material Developments"* beginning on page 17 and 153 respectively of the Prospectus.
**LISTING:** The NCDs offered through the Prospectus are proposed to be listed on BSE Limited **("BSE" or the "Stock Exchange")** and BSE shall be the Designated Stock Exchange. Our Company has received an 'in-principle' approval from BSE vide their letter no. DCS/RM/PI-BOND/07/26-27 dated July 28, 2026
**GENERAL RISK:** Investment in non-convertible securities is risky, and investors should not invest any funds in such securities unless they can afford to take the risk attached to such investments. Investors are advised to take an informed decision and to read the risk factors carefully before investing in this offering. For taking an investment decision, the Investors must rely on their own examination of the Issuer and the Issue including the risks involved. Specific attention of the Investors is invited to the chapter titled "Risk Factors" on Page 17 of the Prospectus and "Material Developments" on page 153 of the Prospectus, before making an investment in this Issue. These risks are not, and are not intended to be, a complete list of all risks and considerations relevant to the non-convertible securities or investor's decision to purchase such securities. The Prospectus has not been and will not be approved by any regulatory authority in India, including the Securities and Exchange Board of India **("SEBI")**, the Reserve Bank of India **("RBI")**, any registrar of companies or any stock exchange in India nor do they guarantee the accuracy or adequacy of the Prospectus.
**DISCLAIMER CLAUSE OF BSE:**:It is to be distinctly understood that the permission given by BSE Limited should not in any way be deemed or construed that the Offer Document has been cleared or approved by BSE Limited nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Draft Offer Document/Offer Document for the full text of the Disclaimer clause of the BSE Limited.
**DISCLAIMER CLAUSE OF USE OF BSE ELECTRONIC PLATFORM**: It is to be distinctly understood that the permission given by the BSE to use their network and software of the Online system should not in any way be deemed or construed as compliance with various statutory requirements approved by the Exchange; not does it in any manner warrant, certify or endorse the correctness or completeness of any of the compliance with the statutory and other requirements; nor does it take any responsibility for the financial or other soundness of this Company, its promoters, its management or any scheme or project of this Company
**DISCLAIMER CLAUSE OF INDUSTRY PROVIDER:** Crisil intelligence, a division of Crisil Limited, provides independent research, consulting, risk solutions, and data & analytics to its clients. Crisil Intelligence operates independently of Crisil's other divisions and subsidiaries, including, Crisil Ratings Limited. Crisil Intelligence's informed insights and opinions on the economy, industry, capital markets and companies drive impactful decisions for clients across diverse sectors and geographies. Crisil Intelligence's strong benchmarking capabilities, granular grasp of sectors, proprietary analytical frameworks and risk management solutions backed by deep understanding of technology integration, makes it the partner of choice for public & private organisations, multi-lateral agencies, investors and governments for over three decades. For the preparation of the report, Crisil Intelligence has relied on third party data and information obtained from sources which in its opinion are considered reliable. Any forward-looking statements contained in the report are based on certain assumptions, which in its opinion are true as on the date of the report and could fluctuate due to changes in factors underlying such assumptions or events that cannot be reasonably foreseen. The report does not consist of any investment advice and nothing contained in the report should be construed as a recommendation to invest/disinvest in any entity. The Industry Report is intended for use only within India. Provided that, the company shall be responsible for ensuring compliances and consequences of non-compliance for use of the report, material & issue documents or any part thereof outside India in relation to the issue.
**NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION:** Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.
**DISCLAIMER CLAUSE OF CRISIL:** Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.
**DISCLAIMER CLAUSE OF RBI:** The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

*(please scan this QR code to view the Prospectus)*

**Reg. Office:** Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai– 600 083, Tamil Nadu, India.
**Corp. Office:** ICL Fincorp Limited, Main Road, Irinjalakuda, Thrissur–680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

## എം.ജി സർവകലാശാല



# ദുരിതാശ്വാസ സാമഗ്രികൾ വിതരണം ചെയ്ത് എം.ജി.യു

**കോട്ടയം:** സംസ്ഥാനത്തെ പ്രളയബാധിതരെ സഹായിക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്) യൂണിറ്റുകളുടെ നേതൃത്വത്തിൽ ദുരിതാശ്വാസ സാമഗ്രികൾ ശേഖരിച്ച് വിതരണം ചെയ്തു.

ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, സോപ്പ്, സാനിറ്ററി നാപ്കിനുകൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളാണ് ആഴ്ചയിലുടനീളം വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലെത്തിച്ച് കൊടുത്തത്.

വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഗിരീഷ് കുമാർ ജി.എസ്, ഡോ. ജോബിൻ ജോസ്, ഡോ. തോമസ് കുരുവിള, ഡോ. അൽസൺ മാർട്ട്, എൻ. എസ്. എസ്. പ്രോഗ്രാം കോഡിനേറ്റ!ർ ഡോ. ഇ. എൻ ശിവദാസൻ എന്നിവർ മേൽനോട്ടം വഹിച്ചു.

ദുരിതാശ്വാസ സാമഗ്രികളുടെ വിതരണം അടുത്ത ആഴ്ചയും തുടരും.

## ബിരുദ അഡ്മിഷൻ ഫൈനൽ അലോട്മെൻറ്

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള അഡ്മിഷനായി ഫൈനൽ അലോട്മെൻറ് നടത്തുന്നു. ഇതുവരെ അഡ്മിഷൻ നേടാത്തവർക്ക് പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ സൗകര്യം ഓഗസ്റ്റ് 10 വൈകീട്ട് 4.00 വരെ ലഭ്യമായിരിക്കുന്നതാണ്. വെബ്സൈറ്റ്: cap.mgu.ac.in.

## സ്പോട്ട് അഡ്മിഷൻ

ക്യാമ്പസിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ (ഐ.യു.സി.ഡി.എസ്) മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (സെൽഫ് ഫിനാൻസ്) കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് യോഗ്യത. താത്പര്യമുള്ളവ!ർ ഓഗസ്റ്റ് 10 പകൽ 11 മണിക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി യൂണിവേഴ്സിറ്റി ക്യാമ്പസിലുള്ള ഐ.യു.സി.ഡി.എസ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9037767691

ക്യാമ്പസിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി വകുപ്പിൽ എം.എസ്.സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി കോഴ്സിൽ പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്ത ഒരു സീറ്റ് ഒഴിവുണ്ട്. താത്പര്യമുള്ളവർ ഓഗസ്റ്റ് 10ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ: 04842733371.

## പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംഎ കഥകളി സംഗീതം, മ്യൂസിക് വീണ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20202024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 13, 17 തീയതികൾ മുതൽ തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

## പരീക്ഷാതീയതി

നാലാം സെമസ്റ്റർ എംബിഎ (2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ സെപ്റ്റംബർ 14 മുതൽ നടക്കും.

രണ്ടാം സെമസ്റ്റർ എം.എച്ച്.എം (സിഎസ്എസ് 2025 അഡ്മിഷൻ റെഗുലർ / 2024 അഡ്മിഷൻ ഇപ്രൂവ്മെന്റ് / 2020 2024 അഡ്മിഷൻസ് റീഅപ്പിയറൻസ്/ 2019 അഡ്മിഷൻസ് ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 10, 11 തീയതികളിൽ സൂര്യനെല്ലി മൗണ്ട് റോയൽ കോളേജിൽ വച്ച് നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.



# സി.കെ ഷാദിയ്ക്കും, ആർ.കീർത്തിയ്ക്കും റായ് ഫെലോഷിപ്പ്

**കൊച്ചി:** റിസ്ഖ് ആർട്ട് ഇനിഷ്യേറ്റീവ് (ഞഅശ) നടപ്പാക്കുന്ന റായ് ഫെലോഷിപ്പ് 202627 വർഷത്തിലെ ജേതാക്കളെ പ്രഖ്യാപിച്ചു. കലാജീവിതത്തിലെ നിർണായക ഘട്ടങ്ങളിൽ നിൽക്കുന്ന കലാകാരന്മാർക്ക് പിന്തുണ നൽകി കലാപരമായ വളർച്ചയ്ക്കുള്ള അവസരങ്ങൾ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഫെലോഷിപ്പ് നൽകുന്നത്.

സി.കെ ഷാദിയ,ആർ.കീർത്തി എന്നിവരാണ് ഇത്തവണത്തെ റായ് ഫെലോഷിപ്പ് ജേതാക്കൾ. ഫോർട്ട് കൊച്ചിയിലെ പെപ്പർ ഹൗസിൽ നടന്ന ചടങ്ങിൽ ജേതാകൾക്ക് മേയർ വി.കെ മിനിമോൾ ഫെലോഷിപ്പ് കൈമാറി. കൊച്ചി കോർപ്പറേഷൻ എന്നും കലാകാരന്മാർക്കും കലാരംഗത്തിനും ഒപ്പമാണെന്ന് പറഞ്ഞ മേയർ കൊച്ചിയുടെ പൈതൃകം കലാസമ്പന്നമാണെന്നും ഓർമിപ്പിച്ചു.കൊച്ചി കോർപ്പറേഷന്റെ ആർട്ട് ആൻഡ് ക്യുറേറ്ററായി ബോസ് കൃഷ്ണമാചാരിയെ നിയോഗിച്ചതും കോർപ്പറേഷന്റെ കലാരംഗത്തോടുള്ള പ്രതിബന്ധതയാണെന്നും കൂട്ടിച്ചേർത്തു. റിസ്ഖ് ആർട്ട് ഇനിഷ്യേറ്റീവ് വഴി ഷെഫീന യൂസഫലി നടത്തുന്ന പ്രവർത്തനങ്ങൾക്ക് മേയർ ആശംസയും നേർന്നു.

കഴിഞ്ഞ വർഷത്തെ ഫെലോഷിപ്പ് ജേതാക്കളായ മിബിൻ ഭാസ്കർ, യാസിർ എന്നിവരുടെ കലാസൃഷ്ടികളും വേദിയിൽ പ്രദർശിപ്പിച്ചു. വരുന്ന പത്ത് ദിവസം ഈ സൃഷ്ടികൾ പ്രദർശനത്തിനുണ്ടാകും.

കേരള ലളിതകലാ അക്കാദമിയുടെ വാർഷിക കലാപ്രദർശനത്തിൽ പങ്കെടുത്ത കലാകാരന്മാരിൽ നിന്നാണ് ഫെലോഷിപ്പിനായുള്ള ചുരുക്കപ്പട്ടികയും ജേതാക്കളെയും തിരഞ്ഞെടുത്തത്. കലാപരമായ മികവ്, സാംസ്കാരിക പ്രതിബദ്ധത തുടങ്ങിയവ പരിഗണിച്ചാണ് ജേതാക്കളെ തിരഞ്ഞടുത്തത്.

റായ് ഫെലോഷിപ്പിലൂടെ ഓരോ വർഷവും കേരളത്തിൽ നിന്നുള്ള പ്രതിഭാശാലികളായ കലാകാരന്മാരെ പിന്തുണയ്ക്കാൻ കഴിയുന്നതിൽ അഭിമാനിക്കുന്നുവെന്നും, സ്വന്തം കലാപ്രവർത്തനം കൂടുതൽ ആഴത്തിൽ വികസിപ്പിക്കാനും പുതിയ സാധ്യതകൾ തേടാനും ആവശ്യമായ പിന്തുണ നൽകുകയാണ് ലക്ഷ്യമെന്നും റിസ്ഖ് ആർട്ട് ഇനിഷ്യേറ്റീവ് സ്ഥാപകയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഷെഫീന യൂസഫലി പ്രതികരിച്ചു.

കേരളത്തിലെ കലാകാരൻമാർക്ക് ആഗോള വേദി ഉറപ്പാക്കുകയാണെന്നും കേരളത്തിന്റെ കലാമികവ് ഉയർത്തിപിടിക്കുകയാണ് റിസ്ഖ് ആർട്ട് ഇനിഷ്യേറ്റീവെന്നും റിസ്ഖ് ആർട്ട് ഇനിഷ്യേറ്റീവ് ചീഫ് ക്യൂറേറ്ററും ക്രിയേറ്റീവ് ഡയറക്ടറുമായ മീന വാരി വ്യക്തമാക്കി.

അന്താരാഷ്ട്ര കലാകാരൻമാർ അടക്കം ഭാഗമാകുന്ന എക്സിബിഷനുകൾ, പാനൽചർച്ചകൾ ഉൾപ്പടെ ഒരുക്കി കേരളത്തിലെ കലാകാരൻമാർക്ക് ആഗോള വേദിയാണ് ഷെഫീന യൂസഫലിയുടെ നേതൃത്വത്തിലുള്ള റിസ്ഖ് ആർട്ട് ഇനീഷേറ്റീവ് നൽകുന്നത്. ഇന്തോ അറബ് സാംസ്കാരിക വൈവിധ്യത്തിന്റെ സംഗമവേദി കൂടിയാണ് യുഎഇയിൽ അടക്കം സംഘടിപ്പിച്ച പല പ്രദർശനങ്ങളും. മലയാളംഅറബ് സംസ്കാരത്തിന്റെ ഇന്ത്യ യു.എ.ഇ സൗഹൃദത്തിന്റെ ആഴമേറിയ ചരിത്ര ബന്ധങ്ങളിലേക്ക് എക്സിബിഷൻ വിരൽചൂണ്ടുന്ന പ്രദർശങ്ങൾ അന്താരാഷ്ട്ര ശ്രദ്ധ നേടിയിരുന്നു. പശ്ചിമേഷ്യയിലെ കലാകാരൻമാരെ അബുദാബിയിലെ റിസ്ഖ് ആർട്ട് ഇനിഷ്യേറ്റീവ് ആസ്ഥാനത്ത് എത്തിച്ച് സൗജന്യമായി ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും നൽകി വരുന്നു. കേരള ലളിത കലാ അക്കാദമിയുമായി സഹകരിച്ചാണ് പ്രവർത്തനം.

വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് പുറമെയാണ് കലാപ്രവർത്തനത്തിൽ കൂടി ഷഫീന യൂസഫലി സജീവമായത്.

യു.എ.ഇ ആസ്ഥാനമായി ബിസിനസ് രംഗത്ത് സജീവമായ ഷഫീന യൂസഫ് അലി, യുകെയിലെ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്ന് എം.ബി.എയും, കേംബ്രിഡ്ജ് സർവകലാശാലയിൽ നിന്നും ആർട്ടിൽ മാസ്റ്റർ ഡിഗ്രിയും കരസ്ഥമാക്കിയ ശേഷം, കലയിൽ പി.എച്ച്.ഡിയും ചെയ്തു വരുകയാണ്. കലാകാരൻമാരുടെ ഉന്നമനം ലക്ഷ്യമിട്ടാണ് ഷെഫീന യൂസഫലിയുടെ നേതൃത്വത്തിൽ റിസ്ഖ് ആർട്ട് ഇനീഷേറ്റീവിന് തുടക്കം കുറിച്ചത്. ഇന്ന് കേരളത്തിലെ നിരവധി കലാകാരൻമാർക്ക് വലിയ പിന്തുണയാണ് റിസ്ഖ് ആർട്ട് ഇനീഷേറ്റീവ് നൽകുന്നത്.

# കുസാറ്റിൽ അധ്യാപകർക്ക് മാനസികാരോഗ്യ പരിശീലന പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ യൂത്ത് വെൽഫെയർ വകുപ്പിന്റേയും ജില്ലാ മാനസിക ആരോഗ്യ വിഭാഗത്തിന്റേയും നേതൃത്വത്തിൽ സർവകലാശാലയിലെ അധ്യാപകർക്കായി മാനസിക ആരോഗ്യ പരിശീലന പരിപാടി സംഘടിപ്പിച്ചു. ഒന്നാം ഘട്ടമായി സ്കൂൾ ഓഫ് എൻജിനിയറിങ്ങിലെ അധ്യാപകർക്കായി എൻജിനീയറിംങ് ക്യാമ്പസിൽ പരിശീലന പരിപാടി നടന്നു. പുതു തലമുറയിൽ പെട്ട വിദ്യാർത്ഥികളെ മനസ്സിലാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി അഭിമുഖീകരിക്കുന്നതിനും ഉള്ള വിവിധ മാനസിക ആരോഗ്യ രീതികളെപ്പറ്റി വിദഗ്ദർ ക്ലാസ്സുകൾ നയിച്ചു. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. സിണ്ടിക്കേറ്റ് അംഗം ഡോ പി അബ്ദുള്ള, രജിസ്ട്രാർ ഡോ. അരുൺ എ. യു , എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. പ്രഭുദാസ് എന്നിവർ സംസാരിച്ചു.



തുടർന്ന് ജില്ലാ മാനസിക ആരോഗ്യ പരിശീലന നോഡൽ ഓഫീസർ ഡോ. ദയ പാസ്കൽ, ഡോ. വിനീത മേരി തോമസ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് വിനോദ് എസ്. എസ്, മാനസിക ആരോഗ്യ മിഷൻ പ്രോഗ്രാം കോ ഓർഡിനേറ്റർ വിജിൻ എം എസ് എന്നിവർ വിവിധ സെഷനുകൾ നയിച്ചു. ഡോ. ധന്യ ടി നന്ദി പറഞ്ഞു. സർവ്വകലാശാലയിലെ മുഴുവൻ അധ്യാപകർക്കും തുടർ ദിവസങ്ങളിൽ ഈ പരിശീലന പരിപാടി നടത്തുമെന്ന് യൂത്ത് വെൽ ഫെയർ വകുപ്പ് ഡയറക്ടർ ഡോ. പി. കെ ബേബി അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



ലൂർദ് ആശുപത്രിയിൽ നടന്ന ദേശീയ വാസ്കുലർ ദിനാഘോഷങ്ങൾ മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ നെഫ്രോളജി വിഭാഗം മേധാവിയും അസോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റിസ് പ്രസിഡന്റ്റുമായ ഡോ. മാമൻ എം. ജോൺ ഉദ്ഘാടനം ചെയ്യുന്നു. ലൂർദ് ആശുപത്രി ഡയറക്ടർ റവ. ഫാ. വിമൽ ഫ്രാൻസിസ്, ഡോ. വിമൽ ഐപ്പ്, ഡോ. ബിനു ഉപേന്ദ്രൻ, ഡോ. രാഹുൽ രാജൻ, ഡോ. സന്തോഷ് ജോൺ എബ്രഹാം, ഡോ. പുന്നൂസ് തോമസ് എന്നിവർ സമീപം

# ഇന്ത്യയിൽ 40–50% പ്രമേഹരോഗികൾക്ക് വൃക്കരോഗ സാധ്യത

# ഡയാലിസിസ് രോഗികളുടെ അതിജീവനത്തിന് എ.വി. ഫിസ്റ്റുല നിർണായകം: ഡോ. മാമൻ എം ജോൺ

**കൊച്ചി:**ഇന്ത്യയിൽ കിഡ്നി രോഗികളുടെ എണ്ണത്തിൽ ഓരോ വർഷവും വർധനവ് ഉണ്ടെന്നും പ്രമേഹ രോഗികൾക്കിടയിൽ 40 മുതൽ 50 ശതമാനം വരെ കിഡ്നി രോഗ സാധ്യതയുണ്ടെന്നും ഡിസ്ട്രിക്ട് നെഫ്രോളജി അസോസിയേഷൻ പ്രസിഡൻറ് ഡോ. മാമൻ എം ജോൺ പറഞ്ഞു. ദേശീയ വാസ്കുലർ ദിനാചരണത്തിന്റെ ഭാഗമായി ലൂർദ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാസ്കുലർ ആൻഡ് എൻഡോവാസ്കുലർ സയൻസസ്, വാസ്കുലർ സൊസൈറ്റി ഓഫ് കേരള ന്റെ സഹകരണത്തോടെ

ലൂർദ് ആശുപത്രിയിൽ സംഘടിപ്പിച്ച വാസ്കുലർ ദിന ആഘോഷ പരിപാടികളും സേവ് എവരി എ.വി. ഫിസ്റ്റുല ക്യാമ്പയിനും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡയാലിസിസ് രോഗികളുടെ അതിജീവനത്തിന് കൃത്യമായ എ.വി ഫിസ്റ്റുലയുടെ പങ്ക് നിർണായകമാണെന്നും വാസ്കുലർ സർജറി വിഭാഗം അതിൽ സുപ്രധാന പങ്കു വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ റവ. ഫാ. വിമൽ ഫ്രാൻസിസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ലൂർദ് ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. സന്തോഷ് ജോൺ എബ്രഹാം, വാസ്കുലർ സർജറി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. വിമൽ ഐപ്പ്, നെഫ്രോളജി വിഭാഗം മേധാവി ഡോ. ബിനു ഉപേന്ദ്രൻ എന്നിവർ സംസാരിച്ചു. ചടങ്ങിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഡയാലിസിസ് രോഗികൾക്ക് ഓർത്തോപീഡിക്സ് വിഭാഗം മേധാവി റോട്ടേറിയൻ ഡോ. ജോൺ ടി. ജോൺ ഡയലൈസർ കിറ്റുകൾ വിതരണം ചെയ്തു.

ഡോ. പുന്നൂസ് തോമസ്, ഡോ. രാഹുൽ രാജൻ എന്നിവർ ബോധവത്കരണ ക്ലാസ്സ് നയിച്ചു.

ഇതോടനുബന്ധിച്ച് ലൂർദ് ആശുപത്രിയിലെ നെഫ്രോളജി & ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരിചയപ്പെടുത്തുന്ന ഡോക്യുമെന്ററി വീഡിയോ പ്രദർശനവും ലൂർദ് കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികൾ ബോധവത്കരണ നാടകവും സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ എ.വി. ഫിസ്റ്റുല സ്ക്രീനിംഗ് ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ലൂർദ് ആശുപത്രിയിൽ എ.വി. ഫിസ്റ്റുല ശസ്ത്രക്രിയ സൗജന്യമായി നടത്തി നൽകുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. വൈദികർ, ആശുപത്രി മാനേജ്മെന്റ് പ്രതിനിധികൾ,ഡോക്ടർമാർ, നഴ്സിംഗ് വിദ്യാർത്ഥികൾ, ഡയാലിസിസ് രോഗികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് അത്തം ഘോഷയാത്ര 16ന്

**തൃപ്പൂണിത്തുറ:** ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് തൃപ്പൂണിത്തുറ അത്തച്ചമയാഘോഷങ്ങൾ 16ന് തുടങ്ങും. പുലർച്ചെ അഞ്ചിന് അത്തം ഉണർത്തലിന് ശേഷം രാവിലെ ഒന്പതിന് ഗവ.ബോയ്സ് ഹൈസ്കൂളിലെ അത്തം നഗറിൽ മുഖ്യമന്ത്രി സതീശൻ ഘോഷയാത്ര ഉദ്ഘാടനം ചെയ്യുന്നതോടെ കേരളത്തിലെ ഓണാഘോഷങ്ങൾക്ക് തുടക്കമാകും.

ദീപക് ജോയ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രി അനൂപ് ജേക്കബ് അത്തപ്പതാകയുയർത്തും. ഹൈബി ഈഡൻ, ഫ്രാൻസിസ് ജോർജ്, കളക്ടർ ജി. പ്രിയങ്ക തുടങ്ങിയവർ മുഖ്യാതിഥികളാകും. തുടർന്ന് ഓണാഘോഷങ്ങളുടെ വിളംബരം കുറിച്ച് അത്തം ഘോഷയാത്ര രാജനഗരിയിലേയ്ക്കിറങ്ങും. ഘോഷയാത്ര രാജനഗരിയിലേയ്ക്കിറങ്ങുന്നതോടെ അത്ത പൂക്കള മത്സരം ആരംഭിയ്ക്കും.

16ന് വൈകിട്ട് നാലിന് പോരൂർ ഉണ്ണിക്കൃഷ്ണൻ, ഉദയൻ നമ്പൂതിരി, ചിറയ്ക്കൽ നിധീഷ് എന്നിവരുടെ തൃത്തായമ്പകയ്ക്ക് ശേഷം, ലായം കൂത്തമ്പലത്തിൽ കലാസന്ധ്യ ശ്രീകാന്ത് മുരളി ഉദ്ഘാടനം ചെയ്യും. 7.30ന് പിന്നണി ഗായകൻ അതുൽ നറുകര നയിക്കുന്ന മ്യൂസിക് ബാൻഡ്. 17ന് വൈകിട്ട് അഞ്ചിന് മാർഗി മധുവിന്റെ ചാക്യാർക്കൂത്ത്, ആറിന് നടി ആശാ ശരത്തിന്റെ ആശാനടനം.18ന് വൈകിട്ട് അഞ്ചിന് കർണശപഥം കഥകളി. 19ന് വൈകിട്ട് അഞ്ചിന് ബിആർസി വിദ്യാർഥികൾ അവതരിപ്പിക്കുന്ന കലാവിരുന്ന്, 6.30ന് കൗൺസിലർമാരുടെ കലാപരിപാടികൾ.

20ന് വൈകിട്ട് ആറിന് ആലപ്പുഴ സംസ്കൃതിയുടെ വിഷ്വൽ ഗാനമാലിക ഹൃദയ ഗീതങ്ങൾ. രാത്രി എട്ടിന് തിരുവനന്തപുരം അജന്ത തിയറ്ററിന്റെ നാടകം വംശം. 21ന് വൈകിട്ട് 4.30ന് വേൾഡ് ഓഫ് വിസിലേഴ്സ് അസോസിയേഷന്റെ വിസിൽ വിസ്മയ, ആറിന് ആർഎൽവി ജോളി മാത്യുവിന്റെ നൃത്തസന്ധ്യ, രാത്രി എട്ടിന് നാട്ടുപൊലിമ കാഞ്ഞൂരിന്റെ നാടൻ പാട്ട്. 22ന് വൈകിട്ട് അഞ്ചിന് ആർഎൽവി ടി.ആർ. ധർമതീർത്ഥൻറെ നാദലയ എ മ്യൂസിക്കൽ ജേണി വിത്ത് വീണ. രാത്രി ഏഴിന് മട്ടാഞ്ചേരി കൊച്ചി മുസരിസ് കൾച്ചറൽ ഫെസ്റ്റിന്റെ ഫോക് ഫ്യൂഷൻ ഡിജെ.

23ന് വൈകിട്ട് 5.30ന് ഡോ. കെ. കൃഷ്ണകുമാർ, ബിന്നി കൃഷ്ണകുമാർ എന്നിവരുടെ സംഗീതക്കച്ചേരി, രാത്രി 7.30ന് കൊച്ചിൻ ഗിന്നസിൻന്റെ ഗാനമേള. 24ന് വൈകിട്ട് 4.30ന് ആദർശ് സ്കൂൾ അവതരിപ്പിക്കുന്ന കലാവിരുന്ന്, ആറിന് ആർഎൽവി ഡോ. എസ്. ശാലിനിയുടെ മോഹിനിയാട്ടം, രാത്രി ആഷ്ബൈൽ പീറ്ററിൻറെ ഗസൽ. 25ന് രാവിലെ ഒന്പതിന് മഹാത്മാ ലൈബ്രറിയുടെ കരോക്കെ ഗാനമേള, 11ന് അമരഗാന സല്ലാപം, വൈകിട്ട് നാലിന് കെ. വിശ്വംഭരന്റെ വിസിൽ സംഗീതം, അഞ്ചിന് തൃപ്പൂണിത്തുറ തേജോമയി ഡാൻസ് സ്റ്റുഡിയോയുടെ നൃത്തം, 6.30ന് ആവിർഭവും സംഘവും അവതരിപ്പിക്കുന്ന ഗാനമേള.



# മഴക്കാല രോഗങ്ങൾക്കെതിരെ ബോധവൽക്കരണവുമായി അമൃത അർബൻ ഹെൽത്ത് സെന്റർ

**കൊച്ചി:** മഴക്കാലത്ത് കൊതുകു കടിയും ജലജന്യ രോഗങ്ങളും തടയാം; സുരക്ഷിതരാകാം എന്ന വിഷയത്തിൽ കൊച്ചി കോർപ്പറേഷൻ, കലൂർ അമൃത അർബൻ ഹെൽത്ത് സെന്റർ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ, ആശ്രമം ലെയ്ൻ റസിഡൻസ് അസോസിയേഷൻ എന്നിവരുടെ ആഭിമുഖ്യത്തിൽ സംയുക്തമായി ബോധവൽക്കരണ റാലി സംഘടിപ്പിച്ചു. അമൃത അർബൻ സെന്റർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ഡോ. എസ്. നവമി റാലി ഉദ്ഘാടനം ചെയ്തു. ഡോ.എലിസബത്ത് റോയ്, ഡോക്ടർമാരായ കെ.എ.എസ് ദേവാനന്ദ്, പി.ദേവീകൃഷ്ണ, ബി.താരാകല്യാണി, അതുല്യ സതീഷ്, ആശ്രമം ലെയ്ൻ റെസിഡൻസ് അസോസിയേഷൻ സെക്രട്ടറി മാത്തച്ചൻ ജോർജ്ജ് മാമ്പിള്ളി, മുൻ ഡിവിഷൻ കൗൺസിലർ രജനി മണി, അമൃതയിലെ ഹെൽത്ത് എജ്യൂക്കേറ്റർ ആർ.രതീഷ്കുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാരായ അനിമോൾ.എ, അഞ്ജിത രവി, മെഡിക്കൽ സോഷ്യൽ വർക്കർമാരായ ഗ്രീഷ്മ.എസ്.കുമാർ, അമൃത പബ്ലിക്ക് ഹെൽത്ത് നഴ്സ് ക്രിസ് മാഗ്ഡെലിൻ, കൂടാതെ അമൃത യോഗ ക്ലബിലേയും അമൃത വയോജന ക്ലബിലേയും അംഗങ്ങളും ബോധവൽക്കരണ റാലിക്ക് നേതൃത്വം നൽകി.



# ഓണം ഖാദി വിപണനമേള ഇന്നു മുതൽ

**തിരുവനന്തപുരം:** കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് 10 മുതൽ 15 വരെ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ ഓണം ഖാദി വിപണന മേള സംഘടിപ്പിക്കുന്നു. കേരളത്തിലെ അംഗീകൃത ഖാദി സ്ഥാപനങ്ങളും സംയുക്തമായി സംഘടിപ്പിക്കുന്ന മേളയിൽ ആകർഷകമായ സമ്മാന പദ്ധതിയുമുണ്ട്.

സമ്മാന പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ നറുക്കെടുപ്പിലൂടെ ഒന്നാം സമ്മാനമായി കാറും രണ്ടാം സമ്മാനമായി 14 ജില്ലകളിലായി ഓരോ സ്കൂട്ടറും മൂന്നാം സമ്മാനമായി 5,000 രൂപയുടെ ഖാദി ഉത്പന്നങ്ങൾ വാങ്ങാവുന്ന 30 ഗിഫ്റ്റ് വൗച്ചറുകളും നൽകുന്നു.

കൂടാതെ, ജില്ലാ തലത്തിൽ ആഴ്ചതോറും നറുക്കെടുപ്പിലൂടെ ഖാദി ഉത്പന്നങ്ങൾ വാങ്ങാവുന്ന 3,000 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളും സമ്മാനമായി നൽകുന്നു.

ഓരോ 1,000 രൂപയുടെ പർച്ചേസിനും ഒരു സമ്മാന കൂപ്പൺ ഉപയോക്താവിനു ലഭിക്കും.

സർക്കാർ, അർധ സർക്കാർ, ബാങ്ക് ജീവനക്കാർ എന്നിവർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യം ലഭിക്കും. ഓണത്തോടനുബന്ധിച്ച് ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം റിബേറ്റും ലഭ്യമാണ്.




# പ്രീമിയം എയർ കെയർ വിപണിയിലേക്ക് യാർഡ്‌ലി ലണ്ടൻ

**കൊച്ചി:** ഇംഗ്ലീഷ് സുഗന്ധദ്രവ്യ ബ്രാൻഡായ യാർഡ്‌ലി ലണ്ടൻ പുതിയ ഉൽപ്പന്ന നിര അവതരിപ്പിച്ചുകൊണ്ട് ഇൻഡ്യൻ പ്രീമിയം എയർ കെയർ വിപണിയിൽ പ്രവേശിച്ചു. ഫ്ളോറാലിസ് ബ്രാൻഡ് ഉൽപ്പന്നങ്ങളാണ് ഹോം കെയർ, കാർ കെയർ മേഖലയ്ക്കായി അവതരിപ്പിച്ചിരിക്കുന്നത്.ഇന്ത്യൻ മാർക്കറ്റിൽ സുഗന്ധദ്രവ്യങ്ങളെ ആധാരമാക്കിയുള്ള ലൈഫ് സ്റ്റൈൽ ഉൽപ്പന്നങ്ങളുടെ നീണ്ട നിര വിപ്രോ കൺസ്യൂമർ കെയറിന് കീഴിൽ യാർഡിലി ഇറക്കിയിട്ടുണ്ട്.

ദീർഘനേരം സുഗന്ധം നിലനിർത്താൻ രൂപകൽപ്പന ചെയ്ത എയർ ഫ്രെഷനർ സ്പ്രേകളിലൂടെയും എയർ പോക്കറ്റുകളിലൂടെയും പെർഫ്യൂംപ്രചോദിത സുഗന്ധങ്ങൾ വീടുകളിലേക്കും കാറുകളിലേക്കും എത്തിക്കുകയാണ് ഫ്ളോറാലിസ്. ഇംഗ്ലീഷ് ലാവെൻഡർ, ഇംഗ്ലീഷ് റോസ് തുടങ്ങിയ യാർഡ്‌ലിയുടെ സുഗന്ധങ്ങളിൽ നിന്നും നിന്ന് പ്രചോദനം ഉൾക്കൊണ്ട ഈ ശ്രേണി, സ്ത്രീകൾക്കായുള്ള യാർഡ്‌ലിയുടെ നിലവിലുള്ള വ്യക്തിഗത പരിചരണ ഉൽപ്പന്നങ്ങളെയും പുരുഷന്മാർക്കായുള്ള യാർഡ്‌ലി ജെന്റിൽമാൻ ശ്രേണിയുടെയും തുടർച്ചയാണെന്ന് യാർഡ്‌ലി ആൻഡ് എൻഷാന്ത്യൂർ ബിസിനസ് ഹെഡ് ശ്രീ മനീഷ് വ്യാസ് പറഞ്ഞു.

2009ൽ വിപ്രോ കൺസ്യൂമർ കെയർ പോർട്ട്ഫോളിയോയുടെ ഭാഗമാണ് യാഡ്‌ലി.ടാൽക്കം പൗഡറുകൾക്കും സോപ്പുകൾക്കും പുറമെ ബ്രാൻഡിൽ നിന്ന്, 12ലധികം വിഭാഗങ്ങളിലായി 50ലധികം ഉൽപ്പന്നങ്ങളുടുള്ള സുഗന്ധകേന്ദ്രിത ലൈഫ്സ്റ്റൈൽ ബ്രാൻഡായി യാർഡ്‌ലി വളർന്നു. കഴിഞ്ഞ 17 വർഷത്തിനിടെ ബ്രാൻഡ് ഇന്ത്യയിൽ 31 മടങ്ങ് വളർച്ച കൈവരിച്ചു.

കേരളത്തിൽ ടാൽക്ക്, ഡിയോഡറന്റുകൾ, ഹാൻഡ് വാഷ് എന്നിവയിൽ ഒന്നാം സ്ഥാനവും സോപ്പുകളിൽ രണ്ടാം സ്ഥാനവും വിപ്രോ കൺസ്യൂമർ കൈവരിച്ചിട്ടുണ്ട്. 250 വർഷത്തെ ബ്രിട്ടീഷ് പൈതൃകവും പ്രീമിയം സ്ഥാനവും നിലനിറുത്തിയാണ് ഫ്ളോറാലിസ് അവതരിപ്പിച്ചിരിക്കുന്നത്.

പ്രമുഖ റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ഫ്ളോറാലിസ് ശ്രേണി ലഭ്യമാണ്. നിലവിൽ 180 മില്ലി എയർ ഫ്രെഷനർ സ്പ്രേയ്ക്ക് 169 രൂപയും 10 ഗ്രാം എയർ പോക്കറ്റിന് 70 രൂപയുമാണ് വില. കാർ പെർഫ്യൂമുകൾ, ഓട്ടോമാറ്റിക് ഡിസ്പെൻസറുകൾ എന്നിവ ഉൾപ്പെടെയുള്ള കൂടുതൽ ഉൽപ്പന്ന ഫോർമാറ്റുകളിലൂടെ ഫ്ളോറാലിസ് ശ്രേണി വിപുലീകരിക്കാനും കമ്പനി പദ്ധതിയിടുന്നു.

# ബെർജർ പെയിന്റ്സിന് ആദ്യപാദത്തിൽ ശക്തമായ വളർച്ച

**കൊച്ചി:** പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുണ്ടായ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും വിതരണ തടസങ്ങളും നേരിട്ടിട്ടും 202627 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ബെർജർ പെയിന്റ്സ് മികച്ച സാമ്പത്തിക പ്രകടനം കാഴ്ചവെച്ചു. ഡെക്കറേറ്റീവ്, ഓട്ടോമോട്ടീവ് വിഭാഗങ്ങളുടെ ശക്തമായ വളർച്ചയുടെ പിന്തുണയിൽ വരുമാനത്തിലും പ്രവർത്തന ലാഭത്തിലും അറ്റാദായത്തിലും കമ്പനി ഇരട്ട അക്ക വളർച്ച രേഖപ്പെടുത്തി.

കൺസോളിഡേറ്റഡ് അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രവർത്തന വരുമാനം 3,583.8 കോടിയായി ഉയർന്നു. കഴിഞ്ഞ വർഷത്തെ സമാന പാദത്തിലെ 3,200.8 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 12 ശതമാനം വർധനയാണ്. പ്രവർത്തന ലാഭം 15 ശതമാനം ഉയർന്ന് 607.4 കോടിയിലെത്തി. അറ്റാദായം 28.6 ശതമാനം വർധിച്ച് 405 കോടിയായി.

സ്റ്റാൻഡ്എലോൺ അടിസ്ഥാനത്തിൽ പ്രവർത്തന വരുമാനം 12.7 ശതമാനം വർധിച്ച് 3,226.7 കോടിയിലെത്തി. പ്രവർത്തന ലാഭം 562.2 കോടിയായി ഉയർന്നപ്പോൾ അറ്റാദായം 25.5 ശതമാനം വർധിച്ച് 368.7 കോടിയായി.

ഡെക്കറേറ്റീവ്, ഓട്ടോമോട്ടീവ് വിഭാഗങ്ങളാണ് വളർച്ചയ്ക്ക് പ്രധാനമായും വളർച്ചയ്ക്ക് കാരണമായത്. വാട്ടർപ്രൂഫിംഗ്, കൺസ്ട്രക്ഷൻ കെമിക്കൽസ്, വുഡ് കോട്ടിംഗ്സ് വിഭാഗങ്ങളും മികച്ച വളർച്ച കൈവരിച്ചു. അതേസമയം ഫോറെക്സ് ചാഞ്ചാട്ടവും ഭൗമരാഷ്ട്രീയ അനിശ്ചിതത്വവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും വെല്ലുവിളിയായി തുടരാനിടയുണ്ടെന്നും കമ്പനി വിലയിരുത്തി.

'പശ്ചിമേഷ്യൻ സംഘർഷം മൂലമുണ്ടായ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും വിതരണ തടസങ്ങളും ഉണ്ടായിരുന്നിട്ടും ശക്തമായ സാമ്പത്തിക നിയന്ത്രണവും പ്രവർത്തന കാര്യക്ഷമതയും വഴി സ്റ്റാൻഡ്എലോൺ അടിസ്ഥാനത്തിൽ 25 ശതമാനത്തിലധികവും കൺസോളിഡേറ്റഡ് അടിസ്ഥാനത്തിൽ 29 ശതമാനത്തിലധികവും അറ്റാദായ വളർച്ച കൈവരിക്കാൻ സാധിച്ചു,' എന്ന് ബെർജർ പെയിന്റ്സ് ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ അഭിജിത് റോയ് പറഞ്ഞു.

# ഷവോമി ഇന്ത്യ റെഡ്മി നോട്ട് 17 5ജി കൊച്ചിയിൽ അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ സ്മാർട്ട്ഫോൺ സീരീസുകളിലൊന്നായ റെഡ്മി നോട്ട് സീരീസിലേക്കുള്ള ഏറ്റവും പുതിയ പതിപ്പായ റെഡ്മി നോട്ട് 17 5ജി കൊച്ചിയിൽ അവതരിപ്പിച്ച് ഷവോമി ഇന്ത്യ. ബാറ്ററി സംബന്ധമായ ആശങ്കകൾക്ക് വിരാമമിടുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന റെഡ്മി നോട്ട് 17, റെഡ്മിയുടെ ഇതുവരെയുള്ള ഏറ്റവും വലിയ 8000 എംഎഎച്ച് സിലിക്കൺകാർബൺ ബാറ്ററി, പ്രീമിയം ട്രൂകളർ അമോലെഡ് ഡിസ്പ്ലേ, വിശ്വസനീയമായ സ്നാപ്ഡ്രാഗൺ പ്രകടനം, ദീർഘകാല സോഫ്റ്റ്വെയർ പിന്തുണ എന്നിവ സംയോജിപ്പിച്ച് സമ്പൂർണ സ്മാർട്ട്ഫോൺ അനുഭവം നൽകുന്നു.



റെഡ്മി നോട്ട് 17ൽ റെഡ്മിയുടെ ഇതുവരെയുള്ള ഏറ്റവും വലിയ 8000 എംഎഎച്ച് സിലിക്കൺകാർബൺ ബാറ്ററി ഉൾപ്പെടുത്തിയിട്ടുണ്ട്. വെറും 8.4 എംഎം മെലിഞ്ഞ ഡിസൈൻ നിലനിർത്തിക്കൊണ്ട് സാധാരണ ഉപയോഗത്തിൽ മൂന്ന് ദിവസം വരെ ബാറ്ററി ലൈഫ് ഇത് നൽകുന്നു. ബോക്സിനുള്ളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചാർജറിനൊപ്പം 45 വാട്ട് ടർബോ ചാർജിംഗ്, 22.5 വാട്ട് റിവേഴ്സ് വയർഡ് ചാർജിംഗ് എന്നിവയ്ക്ക് പിന്തുണയുണ്ട്. കൂടാതെ, ടിയുവി സർട്ടിഫൈഡ് ബാറ്ററി ദൈർഘ്യം കാരണം 1,600 ചാർജിംഗ് സൈക്കിളുകൾക്ക് ശേഷവും 80% വരെ ബാറ്ററി ആരോഗ്യം നിലനിർത്താൻ ഇത് സഹായിക്കുന്നു.

ദൈനംദിന വിനോദാനുഭവം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനായി, ഈ സ്മാർട്ട്ഫോണിൽ 12.75 സെ.മീ (6.9 ഇഞ്ച്) ട്രൂകളർ അമോലെഡ് ഡിസ്പ്ലേ, 120 ഹെർട്സ് അഡാപ്റ്റീവ്സിങ്ക് റിഫ്രെഷ് റേറ്റ്, 100% ഡിസിഐപി 3 കളർ ഗാമറ്റ്, കൂടാതെ 1800 നിറ്റ്സ് വരെ പീക്ക് ബ്രൈറ്റ്നസ് എന്നിവ നൽകിയിരിക്കുന്നു. ഇതിനൊപ്പം 200% വോളിയം സ്പീക്കറുകൾ, നനഞ്ഞ സാഹചര്യങ്ങളിലും മികച്ച ടച്ച് റെസ്പോൺസ് നൽകുന്ന ഹൈഡ്രോ ടച്ച് 2.0, കൂടാതെ കൂടുതൽ സൗകര്യപ്രദമായ കാഴ്ചാനുഭവത്തിനായി ടിയുവി റെയ്ൻലാൻഡ് ഐ കെയർ സർട്ടിഫിക്കേഷനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

മികച്ച 4 എൻഎം പ്രോസസിൽ നിർമ്മിച്ച സ്നാപ്ഡ്രാഗൺ 4 ജെൻ 4 മൊബൈൽ പ്ലാറ്റ്ഫോമിന്റെ കരുത്തിൽ പ്രവർത്തിക്കുന്ന റെഡ്മി നോട്ട് 17, ഊർജക്ഷമത പരമാവധി നിലനിർത്തിക്കൊണ്ട് ദൈനംദിന ഉപയോഗത്തിന് സുഗമമായ പ്രകടനം നൽകുന്നു. 16 ജിബി വരെ റാം, 2 ടിബി വരെ വികസിപ്പിക്കാവുന്ന സ്റ്റോറേജ്, 10,416 എംഎം² ഗ്രാഫൈറ്റ് കൂളിംഗ് സിസ്റ്റം, കൂടാതെ ഷവോമി ലോംഗ് ടേം ഫ്ലൂവൻസി എഞ്ചിൻ എന്നിവയോടെ, ഈ ഉപകരണം 48 മാസം വരെ സ്ഥിരതയാർന്നതും സുഗമവുമായ പ്രകടനം നൽകുന്ന രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്നു. ഫോട്ടോഗ്രഫിക്കായി, റെഡ്മി നോട്ട് 17ൽ 50 എംപി എഐ ഡ്യുവൽ റിയർ ക്യാമറയും 8 എംപി എഐ ഫ്രണ്ട് ക്യാമറയും നൽകിയിരിക്കുന്നു. നൈറ്റ് മോഡ്, എഐ എച്ച്ഡിആർ, ഡൈനാമിക് ഷോട്ട്സ്, എഐ എഡിറ്റർ, 2 എക്സ് ഇൻസെൻസർ സൂം എന്നിവ ഉൾപ്പെടെയുള്ള എഐഅധിഷ്ഠിത സവിശേഷതകൾ മികച്ച ഫോട്ടോഗ്രഫി അനുഭവം നൽകുന്നു.

ആൻഡ്രോയിഡ് 16 അടിസ്ഥാനമാക്കിയുള്ള ഹൈപ്പർഒഎസ് 3ൽ പ്രവർത്തിക്കുന്ന റെഡ്മി നോട്ട് 17ന് 4 വർഷത്തെ ആൻഡ്രോയിഡ് അപ്ഡേറ്റുകളും 6 വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും ലഭിക്കും. കൂടാതെ, കോർണിംഗ് ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം, പൊടിയും വെള്ളവും പ്രതിരോധിക്കുന്ന ഐപി65 റേറ്റിംഗ് എന്നിവയും സ്മാർട്ട്ഫോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡാർക്ക് നൈറ്റ്, ആർട്ടിക് ബ്ലൂ, സ്റ്റാർലൈറ്റ് പർപ്പിൾ എന്നീ മൂന്ന് നിറങ്ങളിൽ ഇത് ലഭ്യമാണ്.

റെഡ്മി നോട്ട് 17 ഡാർക്ക് നൈറ്റ്, ആർട്ടിക് ബ്ലൂ, സ്റ്റാർലൈറ്റ് പർപ്പിൾ എന്നീ നിറങ്ങളിൽ രണ്ട് സ്റ്റോറേജ് വേരിയന്റുകളിൽ ലഭ്യമാകും. റെഡ്മി നോട്ട് 17 5ജി 6 ജിബി + 128 ജിബി വേരിയന്റിന് 27,999 രൂപയാണ് പരമാവധി ചില്ലറ വില, എന്നാൽ ഓഫറുകളോടെ 24,999 രൂപ പ്രാരംഭ വിലയിൽ ഇത് സ്വന്തമാക്കാം. 8 ജിബി + 128 ജിബി വേരിയന്റിന് 30,999 രൂപയാണ് പരമാവധി ചില്ലറ വില, ഇത് 27,999 രൂപ പ്രാരംഭ വിലയിൽ ലഭ്യമാകും. പ്രാരംഭ വിലയിൽ എസ്ബിഐ കാർഡ്, ആക്സിസ് ബാങ്ക്, കൊടാക് ബാങ്ക് ക്രെഡിറ്റ് കാർഡുകളും ഇഎംഐ ഇടപാടുകളും ഉപയോഗിക്കുന്നവർക്ക് 3,000 തൽക്ഷണ ബാങ്ക് ഡിസ്കൗണ്ട് ഉൾപ്പെടുന്നു.കൂടാതെ, ഉപഭോക്താക്കൾക്ക് ജിയോ ട്രൂ 5ജിയോടൊപ്പം 5 ടിബി ജിയോഎഐ ക്ലൗഡ് സ്റ്റോറേജ്, 3 മാസത്തെ യൂട്യൂബ് പ്രീമിയം ലൈറ്റ്, 6 മാസത്തെ ഗൂഗിൾ വൺ (200 ജിബി ക്ലൗഡ് സ്റ്റോറേജ്) സബ്സ്ക്രിപ്ഷനും ലഭിക്കും.

റെഡ്മി നോട്ട് 17, 2026 ഓഗസ്റ്റ് 13ന് ഉച്ചയ്ക്ക് 12:00 മണി (ഐഎസ്ടി) മുതൽ എംഐ.കോം, ആമസോൺ സ്പെഷ്യൽസ്, ഷവോമി റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി വിൽപ്പനയ്ക്ക് ലഭ്യമാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ആഗോള ഹൈപ്പർലൂപ്പ് മത്സരത്തിൽ എംഐടിഡബ്ല്യുപിയു ടീമിന് നേട്ടം

**പൂനെ:** നെതർലാൻഡ്സിലെ ഗ്രോണിൻജൻ യൂറോപ്യൻ ഹൈപ്പർലൂപ്പ് സെന്ററിൽ നടന്ന യൂറോപ്യൻ ഹൈപ്പർലൂപ്പ് വീക്ക് 2026ൽ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയുടെ ഹൈപ്പർലൂപ്പ് ക്ലബ്ബായ ടീം വെഗാപോഡിന് നേട്ടം.

ലോകത്തെ വിവിധ സർവകലാശാലകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്ത മത്സരത്തിൽ ആഗോളതലത്തിൽ ഏഴാം സ്ഥാനവും എൻജിനീയറിംഗ് ഡിസൈനിൽ ആറാം സ്ഥാനവും നേടിയ ടീം എമർജിംഗ് എൻജിനീയറിംഗ് ടാലന്റ് അവാർഡും സ്വന്തമാക്കി.

ഊർജക്ഷമത വർധിപ്പിക്കുന്ന ഫ്ലാറ്റ് ലീനിയർ മോട്ടോർ പ്രൊപ്പൽഷൻ സംവിധാനവും ഭാരം കുറഞ്ഞതും ചെലവ് കുറഞ്ഞതുമായ മോഡുലാർ ഷാസിയുമാണ് ടീമിന്റെ പ്രധാന സാങ്കേതികവിദ്യകൾ.

ടീമിന്റെ ഗവേഷണങ്ങൾക്ക് നാല് ഇന്ത്യൻ പേറ്റന്റുകൾ പ്രസിദ്ധീകരിക്കുകയും ജർമനിയിൽ ഒരു പേറ്റന്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 11 വിദ്യാർഥി എൻജിനീയർമാരും രണ്ട് അധ്യാപക ഉപദേശകരുമാണ് മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്.

പുതിയ തലമുറ ഗതാഗത സാങ്കേതികവിദ്യയിൽ ഇന്ത്യൻ വിദ്യാർഥികളുടെ വളർന്നുവരുന്ന മികവിന്റെ തെളിവാണ് നേട്ടമെന്ന് എംഐടിഡബ്ല്യുപിയു എക്സിക്യൂട്ടീവ് പ്രസിഡന്റ് ഡോ. രാഹുൽ വി. കരാഡ് പറഞ്ഞു.




# 500 കോടി രൂപയുടെ എംഎസ്എംഇ വായ്പകൾക്ക് അനുമതി നൽകി ഇന്ത്യൻ ബാങ്ക്

**ന്യൂദൽഹി:** 120ാം സ്ഥാപകദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ക്രെഡിറ്റ് ഔട്ട്റീച്ച് പരിപാടിയിൽ ഇന്ത്യൻ ബാങ്ക് എംഎസ്എംഇ മേഖലയ്ക്കായി 500 കോടി രൂപയുടെ വായ്പകൾക്ക് അനുമതി നൽകി.

128 ഗുണഭോക്താക്കൾക്ക് ബാങ്ക് എംഡിയും സിഇഒയുമായ ബിനോദ് കുമാർ വായ്പാ അനുമതി രേഖകൾ കൈമാറി. രാജ്യവ്യാപകമായി നടക്കുന്ന ആഘോഷങ്ങളുടെ ഭാഗമായി 1,250 കോടി രൂപയുടെ വായ്പാ നിർദേശങ്ങൾ ബാങ്ക് സമാഹരിച്ചിട്ടുണ്ട്. എംഎസ്എംഇ ഉപഭോക്താക്കൾക്ക് ഏകീകൃത ബാങ്കിങ് സേവനം ലഭ്യമാക്കുന്നതിനുള്ള യൂണിഫൈഡ് എംഎസ്എംഇ പോർട്ടലും ചടങ്ങിൽ അവതരിപ്പിച്ചു.

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ദൽഹിയിലെ നൈന ആക്ടിവിറ്റി എജ്യുക്കേഷൻ സൊസൈറ്റിക്ക് വീൽചെയറുകളും, സാക്ഷി എൻജിഒയ്ക്ക് തയ്യൽ മെഷീനുകളും വിതരണം ചെയ്തു.

# മോട്ടോ പാഡ് 70 ഗ്രൂവ് ടാബ്ലെറ്റ് വില്പന ആരംഭിച്ചു; വില 32,999 രൂപ മുതൽ

**ന്യൂദൽഹി:** മോട്ടോറോളയുടെ പുതിയ ടാബ്ലെറ്റ് മോട്ടോ പാഡ് 70 ഗ്രൂവ് ഇന്ത്യയിൽ വിൽപ്പനയ്ക്കെത്തി. 8ജിബി റാം, 256ജിബി സ്റ്റോറേജ് പതിപ്പിന് 36,999 രൂപയാണ് ലോഞ്ച് വില. ബാങ്ക് ഓഫറുകൾ ഉൾപ്പെടെ 32,999 രൂപയാണ് ഫലപ്രദമായ വില. ഫ്ലിപ്കാർട്ട്, മോട്ടോറോള.ഇൻ, രാജ്യത്തെ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ ടാബ്ലെറ്റ് ലഭ്യമാണ്.




12.1 ഇഞ്ച് 2.5കെ 120ഹേർട്സ് ഡിസ്പ്ലേ, ഒമ്പത് യൂണിറ്റ് ജെബിഎൽ പ്രോ സ്പീക്കർ സിസ്റ്റം, മീഡിയടെക് ഡൈമെൻസിറ്റി 7400 പ്രോസസർ, 10,200 എംഎഎച്ച് ബാറ്ററി എന്നിവയാണ് പ്രധാന സവിശേഷതകൾ. 45 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിംഗും 360 ഡിഗ്രി കിക്ക്സ്റ്റാൻഡ് 2.0യും ടാബ്ലെറ്റിലുണ്ട്.

ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ്, 13 മെഗാപിക്സൽ ബാക്ക് ക്യാമറ, 8 മെഗാപിക്സൽ ഫ്രണ്ട് ക്യാമറ എന്നിവയാണ് മറ്റു പ്രധാന സവിശേഷതകൾ. ഗൂഗിൾ ജെമിനി, സർക്കിൾ ടു സെർച്ച്, എഐ റൈറ്റിംഗ് ടൂളുകൾ, എഐ നോട്ട്സ്, സ്മാർട്ട് കണക്ട് തുടങ്ങിയ എഐ അധിഷ്ഠിത ഫീച്ചറുകളും ടാബ്ലെറ്റിലുണ്ട്. ആൻഡ്രോയ്ഡ് 16 ഒഎസിലാണ് ഉപകരണം എത്തുന്നത്. ആൻഡ്രോയ്ഡ് 18 വരെയുള്ള ഒഎസ് അപ്ഡേറ്റുകളും നാല് വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും കമ്പനി ഉറപ്പു നൽകുന്നു.

# ബന്ധൻ കോൺട്ര ഫണ്ട് ആരംഭിച്ച് ബന്ധൻ മ്യൂച്വൽ ഫണ്ട്

**കൊച്ചി:** വൈരുദ്ധ്യാത്മക (കോൺട്രേറിയൻ) നിക്ഷേപ തന്ത്രം പിന്തുടരുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി പദ്ധതിയായ ബന്ധൻ കോൺട്ര ഫണ്ട് ആരംഭിച്ച് ബന്ധൻ മ്യൂചൽ ഫണ്ട്. ആശങ്കകൾ, ചാക്രിക വെല്ലുവിളികൾ, നിലവിലുള്ള വിപണി വികാരം എന്നിവ കാരണം താൽക്കാലികമായി പ്രാധാന്യം കുറഞ്ഞതായി കാണപ്പെടുന്നതും എന്നാൽ അടിസ്ഥാനപരമായി കരുത്തുറ്റതുമായ ബിസിനസ്സുകളെ കണ്ടെത്താൻ ഈ ഫണ്ട് ശ്രമിക്കുന്നു. കാലക്രമേണ ധാരണകളും അടിസ്ഥാന ഘടകങ്ങളും മെച്ചപ്പെടുന്നതിനനുസരിച്ച് ഇവയ്ക്ക് പുനർറേറ്റിംഗിനുള്ള സാധ്യതയുണ്ട്.

പുതിയ ഫണ്ട് ഓഫർ ഈ മാസം 10ന് ആരംഭിച്ച് 24ന് അവസാനിക്കും. ബാൻധൻ കോൺട്ര ഫണ്ടിൽ ലൈസൻസുള്ള മ്യൂചൽ ഫണ്ട് വിതരണക്കാർ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, അല്ലെങ്കിൽ നേരിട്ട് ഔദ്യോഗിക വെബ്സൈറ്റ് (https://bandhanmutual.com/nfo/bandhan-cotnra-fund) വഴി നിക്ഷേപം നടത്താം. ദീർഘകാല നിക്ഷേപ കാഴ്ചപ്പാടും വിപണി ചക്രങ്ങളിലുടനീളം നിക്ഷേപം തുടരാനുള്ള ശേഷിയുമുള്ള നിക്ഷേപകർക്ക്, മാറിക്കൊണ്ടിരിക്കുന്ന അടിസ്ഥാന ഘടകങ്ങളിൽ നിന്നും വിപണിയിലെ കാര്യക്ഷമതക്കുറവിൽ നിന്നും ഉടലെടുക്കുന്ന അവസരങ്ങളിൽ പങ്കാളികളാകാൻ ബന്ധൻ കോൺട്ര ഫണ്ട് അനുയോജ്യമായ വഴി തുറന്നു നൽകുന്നതായി ബന്ധൻ എഎംസി സിഇഒ വിശാൽ കപൂർ പറഞ്ഞു.

# പുതിയ ബ്രാൻഡ് ഫിലിം അവതരിപ്പിച്ച് ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പ്

**കൊച്ചി:** ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ പുതിയ കോർപ്പറേറ്റ് ബ്രാൻഡ് ഫിലിം 'അറ്റ് ഗോദ്റെജ് ഇൻഡസ്ട്രീസ്, വി ക്രാഫ്റ്റ്' പുറത്തിറക്കി. ഗ്രൂപ്പിന്റെ വിവിധ ബിസിനസുകളെ ഒന്നിപ്പിക്കുന്ന ലക്ഷ്യങ്ങൾ, വ്യക്തികൾ, ആശയങ്ങൾ എന്നിവയാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്. ടൈഗർ ടെല്ലിയുടെ ബാനറിൽ സോയ അക്തർ നിർമ്മിച്ച ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് ലൗഡ്മൗത്ത് ഫിലിംസിലെ ആകാശ് ഭാട്ടിയയാണ്.

ഗ്രൂപ്പ് ഈ വർഷം ആദ്യം പ്രഖ്യാപിച്ച 'ക്രാഫ്റ്റിംഗ് ടുമാറോ സിൻസ് 1897' എന്ന പുതിയ ബ്രാൻഡ് ആശയമാണ് ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത്. ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ ഓഫീസുകൾ, ഫാമുകൾ, ഫാക്ടറികൾ, നിർമ്മാണ സൈറ്റുകൾ എന്നിവിടങ്ങളിലായാണ് ഇത് ചിത്രീകരിച്ചിരിക്കുന്നത്.

ഉപഭോക്തൃ ഉൽപ്പന്നങ്ങളിലൂടെ നന്മ, കൃഷിയിലൂടെ സമൃദ്ധി, റിയൽ എസ്റ്റേറ്റിലൂടെ സന്തോഷം, സാമ്പത്തിക സേവനങ്ങളിലൂടെ അഭിവൃദ്ധി, കെമിക്കൽസിലൂടെ നൂതനത്വം എന്നിങ്ങനെ ഗ്രൂപ്പിന്റെ വിവിധ ബിസിനസ്സ് ലക്ഷ്യങ്ങളെ ഈ ചിത്രം ഒറ്റ ഫ്രെയിമിൽ കൊണ്ടുവരുന്നു.

ഗ്രൂപ്പിന്റെ സ്ഥാപകനായ അർദേശിർ ഗോദ്റെജിന്റെ ആശയങ്ങളായ നൂതനത്വം, സമഗ്രത, ലക്ഷ്യബോധം എന്നിവയാണ് ഇതിലൂടെ പ്രതിഫലിക്കുന്നത്.

# ക്ലിയർട്രിപ്പ് ബസ് 2.0 അവതരിപ്പിച്ചു

**കൊച്ചി:** പുതിയ റോഡ് യാത്രാ അനുഭവങ്ങളുമായി ഫ്ളിപ്കാർട്ട് കമ്പനിയായ ക്ലിയർട്രിപ്പ് ബസ് 2.0 അവതരിപ്പിച്ചു. വ്യോമറെയിൽ ശൃംഖലകളുടെ പരിധിക്കപ്പുറമുള്ള ലക്ഷ്യസ്ഥാനങ്ങൾ ഉൾപ്പെടെ 6,000ത്തിലധികം നഗരങ്ങളിലായി 6.5 ലക്ഷത്തിലധികം റൂട്ടുകളെ ബന്ധിപ്പിക്കുന്നതാണ് പുതിയ പ്ലാറ്റ്ഫോം.

വിമാനങ്ങൾ, ട്രെയിനുകൾ, ഹോട്ടലുകൾ എന്നിവയ്ക്കൊപ്പം ബസുകളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ തടസ്സമില്ലാതെ ബുക്ക് ചെയ്യാൻ ഇതുവഴി സാധിക്കും.രാജ്യത്തെ സ്വകാര്യ ബസ് സർവീസ് രംഗത്തെ ഏകദേശം 95 ശതമാനത്തിലേക്കുള്ള പ്രാപ്യതയും, വിവിധ സംസ്ഥാന ഗതാഗത കോർപ്പറേഷനുകളുടെ ശൃംഖലയും ഇതിലൂടെ ലഭ്യമാകും. ക്ലിയർട്രിപ്പിലെ ബസ് ബുക്കിംഗുകളിൽ 55 ശതമാനത്തിലധികവും ജെൻസീ യാത്രക്കാരിൽ നിന്നാണെന്നത് ശ്രദ്ധേയമാണ്.

വാരാന്ത്യ യാത്രകൾക്കും വീട്ടിലേക്കുള്ള യാത്രകൾക്കും വിദ്യാർത്ഥികളും യുവപ്രൊഫഷണലുകളും ബസുകളെ കൂടുതലായി ആശ്രയിക്കുന്ന പശ്ചാത്തലത്തിലാണ് ഈ വിപുലമായ സേവനം കമ്പനി പുറത്തിറക്കിയിരിക്കുന്നത്.

# എസ്ബിഐയുടെ അറ്റാദായം 21,121 കോടി, മൊത്തം ബിസിനസ് 110 ലക്ഷം കോടി കടന്നു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ) 202627 സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ എക്കാലത്തെയും ഉയർന്ന ത്രൈമാസ അറ്റാദായം രേഖപ്പെടുത്തി. മികച്ച പ്രവർത്തന ലാഭവും കുറഞ്ഞ ക്രെഡിറ്റ് കോസ്റ്റുമാണ് ബാങ്കിന് കരുത്തായത്.

മുൻ വർഷത്തെ അപേക്ഷിച്ച് അറ്റാദായം 10.23 ശതമാനം വർദ്ധിച്ച് 21,121 കോടി രൂപയായി. പ്രവർത്തന ലാഭം 9.77 ശതമാനം വാർഷിക വളർച്ചയോടെ 33,529 കോടി രൂപയിലെത്തി. അറ്റ പലിശ വരുമാനം 14.88 ശതമാനം വർദ്ധിച്ച് 46,992 കോടി രൂപയായി.

ബാങ്കിന്റെ ആഭ്യന്തര അറ്റ പലിശ മാർജിൻ മുൻ പാദത്തേക്കാൾ 7 ബേസിസ് പോയിന്റ് മെച്ചപ്പെട്ട് 3.00 ശതമാനമായി. ബാങ്കിന്റെ മൊത്തം അറ്റ പലിശ മാർജിൻ 5 ബേസിസ് പോയിന്റ് മെച്ചപ്പെട്ട് 2.86 ശതമാനമായി. ബാങ്കിന്റെ മൊത്തം ബിസിനസ് 110 ലക്ഷം കോടി രൂപ പിന്നിട്ടു. ഇതിൽ നിക്ഷേപം 60 ലക്ഷം കോടിയും വായ്പകൾ 50 ലക്ഷം കോടിയും കടന്നു. മൂലധന പര്യാപ്തതാ അനുപാതം 104 ബേസിസ് പോയിന്റ് വർദ്ധിച്ച് 15.67 ശതമാനമായി. ആസ്തിക്ക് മേലുള്ള ആദായം 1.11 ശതമാനവും ഓഹരി മൂലധനത്തിന്മേലുള്ള ആദായം 17.87 ശതമാനവുമാണ് രേഖപ്പെടുത്തിയത്.

മൊത്തം വായ്പകളിൽ 18.63 ശതമാനത്തിന്റെയും ആഭ്യന്തര വായ്പകളിൽ 18.15 ശതമാനത്തിന്റെയും വാർഷിക വളർച്ചയുണ്ടായി. റീട്ടെയിൽ, അഗ്രികൾച്ചർ, എസ്.എം.ഇ വിഭാഗങ്ങളിലെ വായ്പകൾ 18.20 ശതമാനം വർദ്ധിച്ചു. കാർഷിക വായ്പകൾ 25.43 ശതമാനവും, എസ്.എം.ഇ വായ്പകൾ 22.33 ശതമാനവും, റീട്ടെയിൽ വ്യക്തിഗത വായ്പകൾ 15.15 ശതമാനവും വളർച്ച നേടി. കോർപ്പറേറ്റ് വായ്പകളിൽ 18.05 ശതമാനമാണ് വളർച്ച. വിദേശ ശാഖകളിലെ വായ്പകൾ രൂപയുടെ അടിസ്ഥാനത്തിൽ 21.38 ശതമാനവും ഡോളറിന്റെ അടിസ്ഥാനത്തിൽ 9.97 ശതമാനവും വളർച്ച സ്വന്തമാക്കി.

മൊത്തം നിക്ഷേപം 9.73 ശതമാനം വർദ്ധിച്ചു. റീട്ടെയിൽ ടേം ഡെപ്പോസിറ്റുകൾ 14.39 ശതമാനവും കാസ നിക്ഷേപങ്ങൾ 9.30 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. 2026 ജൂൺ 30ലെ കണക്കനുസരിച്ച് കാസ അനുപാതം 39.24 ശതമാനമാണ്.

ബാങ്കിന്റെ മൊത്തം നിഷ്ക്രിയ ആസ്തി അനുപാതം 36 ബേസിസ് പോയിന്റ് മെച്ചപ്പെട്ട് 1.47 ശതമാനമായി കുറഞ്ഞു. അറ്റ നിഷ്ക്രിയ ആസ്തി 9 ബേസിസ് പോയിന്റ് മെച്ചപ്പെട്ട് 0.38 ശതമാനമായി. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്. പ്രൊവിഷൻ കവറേജ് അനുപാതം 74.20 ശതമാനമായി രേഖപ്പെടുത്തി. സ്ലിപ്പേജ് അനുപാതം 18 ബേസിസ് പോയിന്റ് മെച്ചപ്പെട്ട് 0.57 ശതമാനവും, ക്രെഡിറ്റ് കോസ്റ്റ് 0.27 ശതമാനവുമാണ്.

'ഡിജിറ്റൽ ഫസ്റ്റ്, കസ്റ്റമർ ഫസ്റ്റ്, നേഷൻ ഓൾവേയ്സ്' എന്ന തത്വമാണ് എസ്.ബി.ഐയെ നയിക്കുന്നതെന്ന് ചെയർമാൻ സി.എസ്. ശെട്ടി പറഞ്ഞു. ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്നതിനായി 'സരൾ' പ്രോജക്റ്റ് വിപുലീകരിച്ചതായും അദ്ദേഹം വ്യക്തമാക്കി. യോനോ ബിസിനസിൽ വാണിജ്യ ഉപഭോക്താക്കൾക്കായി 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന 'യോനോ ജി' എന്ന എ.ഐ അധിഷ്ഠിത വെർച്വൽ അസിസ്റ്റന്റ് ബാങ്ക് അവതരിപ്പിച്ചു. 10 കോടി രൂപ വരെയുള്ള എസ്.എം.ഇ വായ്പകൾ വേഗത്തിൽ നൽകാൻ 'എം.എസ്.എം.ഇ ഡ്രീം', റിസ്ക് മാനേജ്മെന്റ് ശക്തിപ്പെടുത്താൻ 'പ്രിസം' എന്നീ പ്ലാറ്റ്ഫോമുകളും ആരംഭിച്ചു. എസ്.ബി.ഐ ഫണ്ട്സ് മാനേജ്മെന്റ് ലിമിറ്റഡിന്റെ വിജയകരമായ ലിസ്റ്റിംഗ് എസ്.ബി.ഐ ഗ്രൂപ്പിന്റെ പ്രധാന നാഴികക്കല്ലാണെന്നും, 2030 ഓടെ 75ാം വാർഷികത്തിലേക്ക് കടക്കുന്ന ബാങ്ക് പുതിയ ലക്ഷ്യങ്ങളോടെ കുതിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈ സാമ്പത്തിക പാദത്തിൽ പുതിയ സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ 64 ശതമാനവും യോനോ ആപ്പ് വഴിയാണ് തുറന്നത്. ബാങ്കിന്റെ 98.8 ശതമാനം ഇടപാടുകളും ഡിജിറ്റൽ സംവിധാനങ്ങൾ വഴിയാണ് നടക്കുന്നത്. യോനോ ആപ്പിന് നിലവിൽ 10.5 കോടിയിലധികം ഉപയോക്താക്കളുണ്ട്. പുതിയ യോനോ പ്ലാറ്റ്ഫോം അവതരിപ്പിച്ച് ആറ് മാസത്തിനുള്ളിൽ 5 കോടിയിലധികം പേർ രജിസ്റ്റർ ചെയ്തത് ഉപഭോക്താക്കൾക്കിടയിലെ മികച്ച സ്വീകാര്യതയാണ് വ്യക്തമാക്കുന്നതെന്ന് ബാങ്ക് അറിയിച്ചു.

## ഡെങ്കിപ്പനി, എലിപ്പനി ഭീഷണി

# ഡോക്ടർമാരുടെ സേവനം ശക്തമാക്കി സ്റ്റാർ ഹെൽത്ത്

**കൊച്ചി:** മഴ ശക്തമായതോടെ ഡെങ്കിപ്പനി, എലിപ്പനി, വൈറൽ പനി, ഷിഗെല്ല തുടങ്ങിയ പകർച്ചവ്യാധികൾ പടരാനുള്ള സാധ്യത വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് വെർച്വൽ ഡോക്ടർ കൺസൾട്ടേഷനുകൾ, ഹോം ഹെൽത്ത് കെയർ, മുൻകൂട്ടി നിശ്ചയിച്ചുള്ള ആശുപത്രി ചികിത്സകൾ എന്നിവയ്ക്കുള്ള സഹായം കൂടുതൽ വിപുലമാക്കി.

കഴിഞ്ഞ മാസം കേരളത്തിൽ ഏകദേശം 1,800 വെർച്വൽ ഡോക്ടർ കൺസൾട്ടേഷനുകളാണ് സ്റ്റാർ ഹെൽത്ത് വഴി നടന്നത്. പനി, ശരീരവേദന, ഛർദ്ദി തുടങ്ങിയ മഴക്കാല രോഗങ്ങൾക്ക് വെർച്വൽ വൈദ്യസഹായം തേടുന്നവരുടെ എണ്ണത്തിലുണ്ടായ വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്.

പോളിസി കാലയളവിൽ ഉപഭോക്താക്കൾക്ക് അൺലിമിറ്റഡ് ടെലി കൺസൾട്ടേഷനുകൾ ലഭ്യമാണ്. 'ടോക്ക് ടു സ്റ്റാർ' എന്ന സേവനത്തിലൂടെ 7200 222 333 എന്ന നമ്പറിൽ ഉപഭോക്താക്കൾക്ക് സഹായത്തിനായി ബന്ധപ്പെടാം. ഹോം ഹെൽത്ത് കെയർ സേവനം ലഭിക്കുന്നതിനായി 1ഉം, ആശുപത്രി അഡ്മിഷൻ സഹായത്തിനായി 2ഉം ഡയൽ ചെയ്യാവുന്നതാണ്. പോളിസി നിബന്ധനകൾക്ക് വിധേയമായി അർഹരായവർക്ക് ഡോക്ടറുടെ നിർദ്ദേശപ്രകാരം ക്യാഷ്‌ലെസ് ഹോം ഹെൽത്ത് കെയർ സേവനവും കമ്പനി ഉറപ്പാക്കുന്നു.

പോളിസി ഇല്ലാത്തവർക്കും പൊതുജനങ്ങൾക്കും സ്റ്റാർ ഹെൽത്ത് കസ്റ്റമർ ആപ്പ് വഴി തികച്ചും സൗജന്യമായി 24 മണിക്കൂറും വെർച്വൽ ഒ.പി.ഡി കൺസൾട്ടേഷൻ സേവനം പ്രയോജനപ്പെടുത്താം. സൗജന്യ വെർച്വൽ ഒ.പി.ഡി ഉപയോഗിക്കാനായി സ്മാർട്ട്ഫോണിൽ സ്റ്റാർ ഹെൽത്ത് കസ്റ്റമർ ആപ്പ് ഡൗൺലോഡ് ചെയ്ത് പേര്, ഇമെയിൽ, ജനനത്തീയതി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ നൽകി ആപ്പിൽ രജിസ്റ്റർ ചെയ്യണം. തുടർന്ന് മെനുവിൽ നിന്ന് 'ടെലിമെഡിസിൻ' എന്ന ഓപ്ഷൻ തിരഞ്ഞെടുക്കണം. ആവശ്യമായ സ്പെഷ്യാലിറ്റിയിലുള്ള ഡോക്ടറുമായി ഓൺലൈൻ കൺസൾട്ടേഷൻ ബുക്ക് ചെയ്യാം.

## 10 വർഷത്തെ ലൈഫ് കവർ ഓപ്ഷനുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്

**തൃശൂർ:** ഹ്രസ്വകാല സാമ്പത്തിക ബാധ്യതകളുള്ളവർക്കായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഐസിഐസിഐ പ്രു ഐപ്രൊട്ടക്റ്റ് സ്മാർട്ട് പ്ലസിൽ 10 വർഷത്തെ ലൈഫ് കവർ ഓപ്ഷൻ അവതരിപ്പിച്ചു. ഹോം ലോൺ, കുട്ടികളുടെ വിദ്യാഭ്യാസം, ബിസിനസ് വായ്പ തുടങ്ങിയ ബാധ്യതകളുള്ളവർക്ക് ഇത് പ്രയോജനകരമാവും. ഉപഭോക്താക്കളുടെ ജീവിതഘട്ടങ്ങൾക്കനുസരിച്ചുള്ള സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ 10 വർഷത്തെ പോളിസി ടേം അവതരിപ്പിച്ചതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് ഓഫ് ഡിസ്ട്രിബ്യൂഷൻ മണികണ്ഠൻ രാജാമണി പറഞ്ഞു. കുറഞ്ഞ പ്രീമിയത്തിൽ ഉയർന്ന ലൈഫ് കവർ ലഭ്യമാക്കുന്ന ഈ പ്ലാനിൽ 67,100 രൂപ വരെ മൂല്യമുള്ള കോംപ്ലിമെന്ററി ഹെൽത്ത് ആൻഡ് വെൽനസ് സേവനങ്ങൾ, 3 ലക്ഷം രൂപ വരെ തൽക്ഷണ ക്ലെയിം പേഔട്ട്, രോഗനിർണയത്തിൽ 100% പേഔട്ട് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. 1,306 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളും, 3,360 കോടി രൂപയുടെ മെച്ചൂരിറ്റി സർവൈവൽ ആനുകൂല്യങ്ങളും 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ കമ്പനി വിതരണം ചെയ്തിരുന്നു. 2026 സാമ്പത്തിക വർഷത്തിൽ 5,149 കോടി രൂപയുടെ മരണ ക്ലെയിമുകളും തീർപ്പാക്കിയതായി കമ്പനി അറിയിച്ചു.

## വിദേശനാണ്യ ഇടപാടുകൾക്ക് കൂടുതൽ കരുത്ത്: മുത്തൂറ്റ് ഫിൻകോർപ്പിന് ആർബിഐയുടെ അംഗീകാരം

**കൊച്ചി:** പ്രമുഖ നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പെർപെച്വൽ ഓതറൈസ്ഡ് ഡീലർ കാറ്റഗറികക ഫോറെക്സ് ലൈസൻസ് ലഭിച്ചു. ലൈസൻസ് ലഭിച്ചതോടെ വിദേശനാണ്യ വിനിമയം, ട്രേഡ് റെമിറ്റൻസ്, വിദേശ പഠന ആവശ്യങ്ങൾക്കുള്ള തുക കൈമാറ്റം തുടങ്ങിയ നിരവധി വിദേശനാണ്യ സേവനങ്ങൾ രാജ്യവ്യാപകമായി വിപുലമായി നൽകാൻ കമ്പനിക്ക് സാധിക്കും.

നിശ്ചിത കാലയളവിനു ശേഷം പുതുക്കേണ്ടതില്ലാത്ത 'പെർപെച്വൽ' ലൈസൻസായതിനാൽ കമ്പനിക്ക് തുടർച്ചയായി ഈ സേവനങ്ങൾ നൽകാൻ സാധിക്കും. വിദേശ കറൻസി വിനിമയം, മൾട്ടികറൻസി ഫോറെക്സ് കാർഡുകൾ, എൽ.ആർ.എസ് റെമിറ്റൻസുകൾ, ഫാമിലി മെയിന്റനൻസ് റെമിറ്റൻസ്, ട്രേഡ് റെമിറ്റൻസ്, ഫോറെക്സ് ബിസിനസ് കോറസ്പോണ്ടന്റ് സേവനങ്ങൾ എന്നിവ ഇതിലൂടെ ലഭ്യമാകും.

റീട്ടെയിൽ ഉപഭോക്താക്കൾ, എംഎസ്എംഇകൾ, ചെറുകിടഇടത്തരം സംരംഭങ്ങൾ, കോർപ്പറേറ്റുകൾ, വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾ, വിദേശയാത്രക്കാർ, എൻ.ആർ.ഐകൾ എന്നിവർക്ക് ഇനി മുതൽ കൂടുതൽ വേഗത്തിലും എളുപ്പത്തിലും ഫോറെക്സ് സേവനങ്ങൾ പ്രയോജനപ്പെടുത്താം. ഇന്ത്യയിലുടനീളമുള്ള 3,800ലധികം ശാഖകൾ അടങ്ങുന്ന വിപുലമായ ശൃംഖലയിലൂടെ വിദേശനാണ്യ സേവനങ്ങൾ സാധാരണക്കാരിലേക്കും എത്തിക്കാൻ കമ്പനി ലക്ഷ്യമിടുന്നു.

ഇന്ത്യയുടെ വളരുന്ന വ്യാപാരം, വിദേശയാത്രകൾ, വിദേശപഠനം, റെമിറ്റൻസ് മേഖലകൾ എന്നിവയ്ക്ക് കരുത്തേകുക എന്ന തങ്ങളുടെ ദീർഘകാല ലക്ഷ്യത്തിന്റെ ഭാഗമാണ് ഈ നേട്ടം. തങ്ങളുടെ ശക്തമായ ശൃംഖലയിലൂടെ സുരക്ഷിതവും ഉപഭോക്തൃസൗഹൃദവുമായ ഫോറെക്സ് സേവനങ്ങൾ നൽകാൻ സാങ്കേതികവിദ്യയിലും വിതരണ ശൃംഖലയിലും കൂടുതൽ നിക്ഷേപങ്ങൾ തുടർന്നും നടത്തുമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സി.ഇ.ഒ ഷാജി വർഗീസ് പറഞ്ഞു.

2026 മെയിൽ റിസർവ് ബാങ്ക് ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് ചട്ടങ്ങളിൽ ചരിത്രപരമായ ഭേദഗതി വരുത്തിയിരുന്നു. ഇതനുസരിച്ച് യോഗ്യരായ ഓതറൈസ്ഡ് ഡീലർ കാറ്റഗറികക സ്ഥാപനങ്ങൾക്കും 25 ലക്ഷം വരെയുള്ള ട്രേഡ് റെമിറ്റൻസുകളും ഫാമിലി മെയിന്റനൻസ് റെമിറ്റൻസുകളും നടത്താൻ ആർ.ബി.ഐ അനുമതി നൽകി. മുൻപ് ബാങ്കുകൾക്കും ഓതറൈസ്ഡ് ഡീലർ കാറ്റഗറിക സ്ഥാപനങ്ങൾക്കും മാത്രം അനുമതിയുണ്ടായിരുന്ന ഈ മേഖലയിലാണ് ഇപ്പോൾ ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾക്കും അവസരം ലഭിച്ചിരിക്കുന്നത്.